72 സർക്കാരിതര ആശുപത്രികളിലും ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 27 സ്വകാര്യ ഡയാലിസിസ് സെന്ററുകളിൽ ചികിത്സാ സൗകര്യം ലഭ്യമാണ്. ഇതുകൂടാതെ, 27 താലൂക്ക്തല സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സയ്ക്ക് സൗകര്യം ലഭ്യമാക്കാനാവശ്യമായ തുടർനടപടികൾ നടന്നുവരുന്നു. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11-7-2013 മുതൽ പൂർണ്ണരീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലെ ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജ് ഒഴികെ, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ദൂരസ്ഥലങ്ങളിൽനിന്നും വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചുരുങ്ങിയ ചെലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഹോമുകളുടെ നിർമ്മാണ പ്രവർത്തനരീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ തയ്യാറായി വരുന്നു.

വൃക്കമാറ്റിവയ്ക്കൽ ചികിത്സയിൽ വൃക്കനൽകുന്ന വ്യക്തിക്ക് ഈ പദ്ധതിയിൽനിന്നും ഒരു ലക്ഷം രൂപ അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. പദ്ധതിയിൽനിന്നും നൽകുന്ന പരമാവധി ധനസഹായം രണ്ട് ലക്ഷം രൂപയാണ്. എന്നാൽ ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിലും ഭാരിച്ച ചികിത്സാ ചെലവ് കണക്കിലെടുത്ത് ഓരോ രോഗിക്കും പരിധിയില്ലാതെ ചികിത്സാ ധനസഹായം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ധനകാര്യ അനുമതിയും ഭരണാനുമതിയും

156 (501) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ പ്രോജക്ടുകൾക്കും എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടുകൾക്കും ധനകാര്യ അനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലമുള്ള പ്രതിസന്ധികൾ പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) ധനകാര്യവകുപ്പ് നോഡൽ സെല്ലിലും മറ്റും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) എം.എൽ.എ.മാരുടെ നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളും പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28-12-2012-ലെ സർക്കുലർ നമ്പർ 73/2012/ ധന. പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പ് ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത പത്ത് ദിവസത്തിനുള്ളിൽത്തന്നെ ഭരണാനുമതി നൽകണമെന്ന് ടി സർക്കുലറിൽ നിർദ്ദേശിക്കുന്നു. കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനാനുമതി ത്വരിതപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികളുടെ ഭാഗമായി ധനകാര്യ (നോഡൽ-സി) വകുപ്പിന് രൂപം നൽകിയിട്ടുണ്ട്. ഭാവിയിൽ ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണ്.

ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ്

157 (502) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിതവ്യയം നടപ്പിലാക്കുന്നതിനും ധനകാര്യവകുപ്പിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ, ജോയിന്റ് ഇന്ത്യാ ഐ.എം.എഫ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ പരിശീലന കേന്ദ്രങ്ങളിൽ ട്രെയിനിംഗ് ലഭിച്ച എത്ര ഉദ്യോഗസ്ഥർ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നുണ്ട് ; വിശദമാക്കാമോ ;

(സി) ഇത്തരം ട്രെയിനിംഗ് കൂടുതൽ ജീവനക്കാർക്ക് നൽകുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly